# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3467 15-03-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.പി.കെ. ബഷീർ ഡോ.ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സാമ്പത്തിക പരാധീനതയുടെ പേരിൽ മുടങ്ങിയ പദ്ധതികൾ</u>**

| | | |
|---|---|---|
| (എ) | കഴിഞ്ഞ സർക്കാർ അധികാരമൊഴിഞ്ഞപ്പോൾ ഖജനാവിൽ എത്ര തുക ബാക്കിയുണ്ടായിരുന്നു വ്യക്തമാക്കുമോ ; | കഴിഞ്ഞ സർക്കാർ അധികാരമൊഴിഞ്ഞപ്പോൾ 24.05.16-ൽ ട്രഷറി മിച്ചം 1009.30 കോടി രൂപയായിരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ ഇനങ്ങളിലൂടെ വരുമാനവും പ്രസ്തുത വർഷങ്ങളിലെ ചെലവും എത്രയായിരുന്നു, ഇനം തിരിച്ച് വ്യക്തമാക്കുമോ ; | 2016-2017 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 42176.38 കോടി രൂപയും നികുതിയിതര വരുമാനം 9699.98 കോടി രൂപയും കേന്ദ്ര സർക്കാരിൽനിന്ന് ഗ്രാന്റായും നികുതി വിഹിതമായും കൈമാറ്റം ചെയ്തത് 23735.37 കോടി രൂപയും ആയിരുന്നു. മറ്റിനങ്ങളിലെ വരവ് കൂടി പരിഗണിക്കുമ്പോൾ ആകെ വരുമാനം 102374.23 കോടി രൂപയായിരുന്നു. അതേസമയം ടി സാമ്പത്തിക വർഷത്തിലെ പദ്ധതി ചെലവ് 22813.25 കോടിയും പദ്ധതിയിതര ചെലവ് 79569.30 കോടിയും ആണ്.<br><br>2017-18 നവംബർ 30 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം തനത് നികുതി, നികുതി ഇതര, കേന്ദ്ര സർക്കാരിൽ നിന്നുള്ള കൈമാറ്റം ഇനങ്ങളിലുള്ള വരുമാനം യഥാക്രമം 28409.12 കോടി, 5817.60 കോടി, 13501.82 കോടി രൂപയുമാണ്. ടി കാലയളവിലെ ആകെ വരവ് 75275.02 കോടിയായിരുന്നു. പ്രസ്തുത കാലയളവിലെ പദ്ധതി ചെലവ് 10728.06 കോടിയും പദ്ധതി ഇതര ചെലവ് 57585.05 കോടിയും ആണ്. |
| (സി) | പ്രസ്തുത കാലയളവിൽ നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ ; | 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 8% ന്റെയും 2017-18-ൽ നവംബർ 30 വരെ മുൻവർഷത്തെ ഇതേ കാലയളവിനെ സംബന്ധിച്ച് 5.26% ന്റെയും വളർച്ച കൈവരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2017-18 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 28,409.12 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മോട്ടോർ വാഹന നികുതി ഇതേ കാലയളവിൽ 21.18% ഉം സ്റ്റാമ്പ് & രജിസ്ട്രേഷൻ നികുതി 8.48% ഉം വളർച്ച രേഖപ്പെടുത്തിയപ്പോൾ ജി.എസ്.ടി/വാറ്റ് അടക്കം വിൽപ്പന നികുതിയിലെ വർദ്ധനവ് 3.65% ആയി കുറയുകയുണ്ടായി ടി കാരണം കൊണ്ട്, സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലെ വിൽപ്പന നികുതി (ജി.എസ്.ടി/വാറ്റ്) ഒഴികെയുള്ള നികുതികൾ 11.42% വളർച്ച നേടിയപ്പോൾ വിൽപ്പന നികുതിക്ക് (വാറ്റ്/ജി.എസ്.റ്റി അടക്കം) 5.26% വർദ്ധനവ് മാത്രമേ കൈവരിക്കുവാൻ സാധിച്ചുള്ളൂ. ഈ കാലയളവിൽ തനത് നികുതിയേതര വരുമാനമായി 5817.60 കോടി രൂപ സംസ്ഥാനം സമാഹരിച്ചിട്ടുണ്ട്. ഈ ഇനത്തിലെ വളർച്ച 16.86% ആണ്. അതേസമയം കേന്ദ്ര സർക്കാരിൽനിന്നുള്ള ഗ്രാന്റിൽ 927.40 കോടി രൂപയുടെ ഇടിവുണ്ടായിട്ടുണ്ട്. നിർദ്ദിഷ്ട കാലയളവിൽ പദ്ധതി ചെലവിൽ 20.35%-ന്റെയും പദ്ധതിയേതര ചെലവിൽ 22.16%-ന്റെയും മൂലധന ചെലവിൽ 8.34%-ന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച ചില പദ്ധതികളെങ്കിലും സാങ്കേതിക പ്രശ്നമടക്കമുള്ള കാരണങ്ങളാൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ സാമ്പത്തിക പരാധീനതയുടെ പേരിൽ പദ്ധതികൾക്കൊന്നും മുടക്കം സംഭവിച്ചിട്ടില്ല. സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്ത പശ്ചാത്തലത്തിൽ 2017-18-ലെ സ്ഥിതി വിലയിരുത്താറായിട്ടില്ല. |
| (ഇ) | സാമ്പത്തിക പരാധീനതയുടെ പേരിൽ പദ്ധതികൾ മുടങ്ങിയിട്ടുണ്ടോ വ്യക്തമാക്കുമോ ; | |

അക്കൗണ്ട്സ് ഓഫീസർ